UNIVERSITY LIBRARY
22 SEP 1953
MADRAS

പുസ്തകം 4. 1129 ചിങ്ങം. ലക്കം 5.

# തുഞ്ചത്തെഴുത്തച്ഛൻ

## അംബാസ്തവം

(യൻ. ഡി)

അററംപെടാത കരുണാരസമൂറിടുന്ന
മററമ്മമാരരികിലുണ്ടിവനൊന്നുമെന്നാൽ
കുററംപൊറുത്തു പരിരക്ഷകൾ ചെയ്‌വതിന്നു
പെററമ്മനീയൊഴികെ, യാരയി, ലോകമാതേ! 1

ആളല്ലഞാൻ തിരുവടിയ്ക്കേഴമാജ്ഞവിട്ടു
നാളല്ല നാഴികനയിപ്പതിനിച്ഛപോലെ;
കോളല്ല, പാപ,മതിനാലിവനാചരിയ്ക്കി-
ലാളല്ലയെന്നകലുവാന്തവവിഷ്ടപേശി! 2

ഇന്നിക്കുമാരകനിലുണ്ടലിവല്പമെങ്കിൽ
കുന്നിക്കുപോലുമൊരു നീക്കമെണങ്ങിടാതെ
കുന്നിക്കുമാറിവനു കൈവരുവാനഭീഷ്ടം
കുന്നിൻകുമാരി,വരദേ,വരമേകിയാലും! 3

ഈലോകസാഗരമതിൽ തകിടംമറിഞ്ഞു
താലോലമാടുവതിനംബ,നമുക്കസാദ്ധ്യം;
കാലോചിതപ്പടി തുഴഞ്ഞണയട്ടെ, നിൻതൃ-
ക്കാലോ, കടാക്ഷമുനയോ, തുഴവേഗമേകു! 4

ഉണ്ടാക്കുമൊട്ടുരസമാർന്നു വസിക്കുമൊക്കെ-
ത്തുണ്ടാക്കിനീക്കിയകലത്ത്പൊടിച്ചുതള്ളും,
കൊണ്ടാടി വീണ്ടുമൊരുമട്ടുളവാക്കു;മാഹാ!
തിണ്ടാടുമല്ലോ ജഗമിദംതവ, ഗോത്രപുത്രി! 5

ഊഴംപിടിച്ചു ജനനീജഠരത്തിലൊന്നു
ന്നുഴന്നതിന്നു കഴിയില്ലിനിമേലിലേവം;
കോഴയ്ക്കു കാലിണപിടിപ്പതിനംബ,ലേശം
"പോഴത്ത"മില്ലിവനു; കാക്കുകവേണമെങ്കിൽ! 6

ഋക്ഷോഗ്രകാനനതലം ധ്രുവമേതവക്ഷ-
മൂംക്ഷോഭദം സ്വയമണഞ്ഞു തപിച്ചിടാതെ
കാംക്ഷോപലബ്ധിമമ കൈവരുമാറു, കല്പ-
വൃക്ഷോപമാംഘ്രിയുഗളേ, തെളിയേണമെന്നിൽ. 7

എങ്കൽ പെരുത്ത ദുരിതക്കറ ചേർത്തിടുന്നു
സങ്കല്പയോനി നിമിഷംപ്രതിനിർദ്ദയമെന്ന്യേ;
കിംകല്പിതം? മാനസിജാന്തകകാന്തയാളേ!
നിങ്കല്പനയ്ക്കടിമഞാൻ തുലയട്ടെയെന്നോ! 8

ഏതാകിലും തിരിയുകില്ലിവനെന്നു ചണ്ഡി,
നീതാൻ തുണച്ചിടുവതിന്നുഴറാതിരുന്നാൽ
കൈതാമലപ്പൂമലർക്കെതിർ നിന്റെ കീർത്തി-
ശ്രീതാൻനശിക്കുവ,തെനിയ്ക്കൊരു ചുക്കമില്ല; 9

ഐശാഢ്യമേ, രമണിതൻ നെടുതാമപാംഗ-
പാശാന്തരേ, ധനമദാന്തര ചോദനത്താൽ
കീശാഭമാശ്രുതലകീഴ്മറിയാതെനിത്യം
നീ ശാതകുംഭകരുണാമൃതമേ, തുണയ്ക്ക. 10

ഒന്നാമനോഭവനെവെന്ന മഹാപരാധ-
ത്തിന്നാമഹേശനുടെമേനി പകുത്തതായേ!
കൊന്നാലുമേറിയ മനോഭവയൂഥ,മെന്താ-
ണിന്നാളിലെന്റനുതിരിഞ്ഞയി,നോക്കിടാത്തൂ? 11

ഓമൽപദങ്ങളറിയാതൊരുമൂകരാട്ടി-
ന്നോമൽപദം കവിപദം ദ്രുതമേകിയോളേ!
കാമം ഭവത്പദതലം തൊഴുതേൻ,മിഴിത്തെ-
ല്ലീമൽപദത്തിനയി, മാററുകുറിച്ചിടട്ടേ! 12

ഔദാര്യസാരഫലശാലിയുതിർത്തുനില്ക്കും
സൌദാമിനീതിലകമാം തവപാദയുഗ്മം

കേദാരമാക്കിവിളയാടുകിലെൻെറ ചിത്ത-
മോദാകരം, ജനനി ഞാൻ കൃതകൃത്യനെന്നും. 13

അംഭോജബാണമഥനൻെറ മനസ്സിളക്കും
കുംഭോപമസ്തനി? മിഴിയ്യൊരുലാക്കിനായാൽ
കിംഭോ, നിനക്കു, സതിനഷ്ടം—ഇവനുമേലിൽ
ദംഭോളിയേയ്ക്കിലുമൊരിററ കുലുക്കമേല്ലാ! 14

അസ്താഖിലാമയമഭീപ്സിതസിദ്ധിവന്നു
ശസ്താഭമാകിയ ഭവല്പദമോടിണങ്ങാൻ
ധ്വസ്താത്മദർപ്പമിത, കാലിണകൂപ്പിടുന്നേൻ,
ഹസ്താർപ്പണം സകലമംബ, നമോസ്തുതുഭ്യം. 15

---

# പ്രേമദർശനം

## (ദേവർഷി നാരദ വിരചിത ഭക്തിസൂത്രം)

### പ്രേമരൂപമായ ഭക്തിയുടെ ലക്ഷണവും ഉദാഹരണവും

(തുടച്ച)

(വി. എൻ. പരമേശ്വരൻനമ്പൂതിരി)

20. അസ്ത്യേവമേവം.

യഥാർത്ഥമായ ഭക്തി ഇപ്രകാരം മാത്രമാണ്. എപ്രകാരമാണെന്നു് ഇനിയത്തെ സൂത്രംകൊണ്ടു പറയുന്നു.

ദേവർഷിനാരദൻ മുമ്പിലത്തെ സൂത്രത്തിൽ പറഞ്ഞുകഴിഞ്ഞ സിദ്ധാന്തത്തിൻെറ ദൃഢതക്കുവേണ്ടി ഭക്തിയുടെ സ്വരൂപം ഇന്നതാണെന്നു് ഒരിക്കൽകൂടി പറയുന്നു.

21. യഥാവ്രജഗോപികാനാം.

ശ്രീകൃഷ്ണപരമാത്മാവിനെക്കുറിച്ച് അമ്പാടിയിലെ ഗോപസ്ത്രീകൾക്കു് യാതൊരു തരത്തിലുള്ള അനുരാഗമുണ്ടായിരുന്നുവോ അതുപോലുള്ളതായിരിക്കണം ഭക്തി.

ഭക്തിയുടെ ലക്ഷണം പറഞ്ഞുകഴിഞ്ഞു് ദേവർഷിനാരദൻ ഇപ്പോൾ പ്രേമശിരോമണികളും പ്രാതസ്മരണീയകളുമായ ശ്രീ ഗോ

പികമാരെ ഉദാഹരണമായി കാണിക്കുന്നു. വാസ്തവത്തിൽ ഗോപികമാരുടെ മഹിമ അപ്രകാരമുള്ളതുതന്നെയാണ്. അവരുടെ പ്രേമത്തിന്റെ തത്വാൎത്ഥത്തെക്കുറിച്ചു് വിവരിക്കുവാൻ കഴിവുള്ളവർ ആരാണു് ലോകത്തിലുള്ളതു്? ഗോപികമാർ തങ്ങളുടെ മനസ്സ്, ശരീരം, ധനം, ഇഹലോകം, പരലോകം എല്ലാം ശ്രീകൃഷ്ണനു് സമൎപ്പിച്ചിരുന്നു. അവർ രാവുപകൽ അദ്ദേഹത്തെത്തന്നെ ചിന്തിച്ചുകൊണ്ടു് ഗദ്ഗദാക്ഷരങ്ങളോടുകൂടി നിരന്തരം ആ പരമാത്മാവിന്റെ ഗുണഗാനങ്ങളെത്തന്നെ പ്രകീൎത്തിക്കുകയും, സൎവ്വദാ അദ്ദേഹത്തെത്തന്നെ കണ്ടുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഭഗവാൻ ശ്രീകൃഷ്ണൻതന്നെ സ്വയം അവരോടു് അരുളിച്ചെയ്യുന്നു: —

"ന പാരയേഽഹം നിരവദ്യസംയുജാം
സ്വസാധുകൃത്യം വിബുധായുഷാപിവഃ
യാമാഭജൻ ദുർജ്ജരഗേഹശൃങ്ഖലാഃ
സംവൃശ്ച്യതദ്വഃ പ്രതിയാതുസാധുനാം"

(ഭാഗവതം 10-30-22)

"ഹേ ഗോപികമാരേ, നിങ്ങൾ എനിക്കുവേണ്ടി നിങ്ങളുടെ ഗൃഹനായകന്മാരുടെ കഠിനബന്ധത്തെപ്പോലും വലിച്ചുപൊട്ടിച്ചുവന്നു് എന്നെ അനുസരിക്കുന്നു. നിങ്ങളുടെ ഈ പ്രവൃത്തി സൎവ്വഥാ നിൎദ്ദോഷമാണ്. ഞാൻ ദേവന്മാരുടെ ആയുഷ്ക്കാലപൎയ്യന്തം നിങ്ങളുടെ ഈ ഉപകാരത്തിനു് പകരം ചെയ്യുവാൻ ശക്തനല്ല. നിങ്ങൾ സ്വന്തം ഉദാരതകൊണ്ടു എന്നെ ഋണമുക്തനാക്കുവിൻ!"

സന്ദേശം കൊടുത്തു് ഉദ്ധവരെ അമ്പാടിയിലേക്കു് അയക്കുന്ന സമയത്തു് ഭഗവാൻ ശ്രീകൃഷ്ണൻ പ്രേമാശ്രു വൎഷിച്ചുകൊണ്ടു് ഗദ്ഗദകണ്ഠത്തോടുകൂടി പറഞ്ഞു:—

"താമന്മനസ്കാ മൽപ്രാണാ
മദൎത്ഥത്യക്തദൈഹികാഃ
യേ ത്യക്തലോകധൎമ്മാശ്ച
മദൎത്ഥാൻബിഭൎമ്മ്യഹം.
മയിതാഃ പ്രേയസാംപ്രേഷ്ഠേ
ദൂരസ്ഥേ ഗോകുലസ്ത്രിയഃ
സ്മരന്ത്യോഽങ്ഗവിമുഹ്യന്തി
വിരഹൌൽകണ്ഠ്യവിഹ്വലാഃ.

ധാരയന്ത്യതികൃച്ഛ്റേണ
പ്രായഃപ്രാണാൻ കഥഞ്ചന
പ്രത്യാഗമനസന്ദേശൈ-
ർവ്വല്ലവ്യോമേ മദാത്മികാഃ".

(ശ്രീമൽഭാഗവതം 10-46_4, 5, 6)

"ഹേ ഉദ്ധാവാ, ഗോപികമാർ തങ്ങളുടെ മനസ്സ് എനിക്കു സമപ്പിച്ചിരിക്കുന്നു. ഞാൻ തന്നെ അവരുടെ പ്രാണനാണ്. എനിക്കു വേണ്ടി അവർ തങ്ങളുടെ സവ്വ ദൈഹികവ്യാപാരങ്ങളും ഉപേക്ഷിച്ചിരിക്കുന്നു യാതൊരു ജനങ്ങൾ എനിക്കുവേണ്ടി സമസ്തലൌകികധമ്മങ്ങളേയും ഉപേക്ഷിക്കുന്നുവോ അവക്ക് ഞാൻ സുഖത്തെ പ്രദാനം ചെയ്യുന്നു. ഗോപികമാർ എന്നെ തങ്ങളുടെ പ്രിയതമന്മാരേക്കാൾ അതിപ്രിയതമനായി വിചാരിക്കുന്നു. വിദൂരസ്ഥനായ എന്നെ ചിന്തിച്ച് അവർ ദാരുണമായ വിരഹവേദനയോടുകൂടി വ്യാകുലചിത്തകളായി തങ്ങളുടെ ശരീരത്തെത്തന്നെ മറന്നിരിക്കുകയാണ്. എൻെറ അഭാവത്തിൽ അവർ വളരെ കഠിന യാതനകളോടുകൂടി ഏതോ പ്രകാരത്തിൽ പ്രാണസന്ധാരണം ചെയ്യുന്നു. ഞാൻ വീണ്ടും അമ്പാടിയിലേക്കു മടങ്ങിച്ചെല്ലുമെന്ന സന്ദേശത്തെ ആധാരമാക്കി മാത്രം അവർ ജീവിച്ചിരിക്കുന്നു. ഞാൻ ഗോപികമാരുടെ ആത്മാവാകുന്നു; അവർ എൻേറയും!"

ഉദ്ധവർ അമ്പാടിയിൽ ചെന്നപ്പോൾ ഭഗവൽപ്രേമമയികളായ ഗോപികമാരുടെ ദശാവിശേഷങ്ങൾ നേരിട്ടു കണ്ടു. അവക്ക് നാനാവശത്തുനിന്നും — ബാഹ്യമായും ആന്തരമായും — ശ്രീകൃഷ്ണപരമാത്മാവിൻെറ ദശനം കിട്ടിക്കൊണ്ടിരുന്നതും അറിഞ്ഞു. എന്നുമാത്രമല്ല അവരുടെ മുഖത്തുനിന്നുതന്നെ കേട്ടു:—

നന്ദനന്ദനൻ പരമാനന്ദം നിരന്തരം
സുന്ദരാകാരൻ പരിശോഭിപ്പൂ ഹൃദന്തരേ;
ജാഗ്രത്തിലല്ല സ്വപ്നകാലത്തിൽപ്പോലുംശ്യാമ-
വിഗ്രഹമകന്നതുപോവതില്ലറിഞ്ഞാലും,
ലൌകികരഹസ്യങ്ങൾകാണിക്കുംകഥകള-
വ്യാകുലമനേകംനീ സരസംകഥിച്ചാലും,
ഇവർതൻ കൊച്ചുഹൃദയങ്ങളാംഘടം പൂണ്ണ-
മവനുള്ളലൌകികപ്രേമവാരിയാൽ മുററും;

സാഗരമല്ലായതുദ്ധവരേ, പോരു,മവൻ-
സാരസാനനമന്ദഹാസമിങ്ങൊരാശ്രയം.

ആ ശ്രീ ഹരിപ്പൂണ്ണഹൃദയകൾ വീണ്ടും തുടർന്നു:—

യോഗംയോഗമെന്നങ്ങുന്നാദിയേ തുടങ്ങോത്തും
വാഗത്ഥംപോലുമിവരറിയാത്തവരെന്നാൽ,
വല്ക്കലജടാദികൾ പൂണ്ടുപവാസത്തോടും
നിർഗ്ഗുണോപാസനംകേൾ നിർഗ്ഗുണംദുഃഖപ്രദം.
ആരൊരാളിച്ഛിപ്പതി, ക്കപടകഥയെല്ലാം
പോരുമുദ്ധവാ, ഭവാനോതുവതസാമ്പ്രതം,
അല്ലെങ്കിൽ, നന്ദാത്മജവിരഹാഗ്നിയാൽദഗ്ദ്ധ-
മാമിവർമനോഭസ്മധാരികൾ, സംശുദ്ധകൾ,
ഏകവേണിക,ളേകാംബരക,ളേ കാന്തമാ-
യേകഭാവനയാലേ യോഗികൾതന്നെയല്ലോ!

ഗോപികമാർ വീണ്ടും തുടന്നു:—ഉദ്ധവരേ, യോഗമുറകൾ ശ്യാമസുന്ദരനായ ശ്രീകൃഷ്ണൻെറ വിയോഗമനുഭവിക്കുന്നവരുള്ളേടത്തു പോയി പഠിപ്പിക്കു; ഇവിടെ നോക്കു, സദാ സംയോഗമാണുള്ളതു്! ഞങ്ങളുടെ പ്രിയതമനായ ആ ശ്യാമസുന്ദരകളേബരൻ സദാ ഞങ്ങളുടെകൂടെത്തന്നെ ഇരിക്കുന്നുണ്ടു്!! ഇത്രയുമായപ്പൊഴെക്കും ഉദ്ധവരുടെ കണ്ണുകൾ തുറന്നു! അദ്ദേഹം ഗോപികമാരുടെ ശുദ്ധപ്രേമത്തിൻെറ പ്രബലപ്രവാഹത്തിൽ ഒഴുകിപ്പോയി,

ഗോപികമാരേ, കേൾപ്പിനുദ്ധവർതൻെറവെറും-
മൂഢതതന്നെയല്ലോ യോഗസംവ്യാഖ്യാനങ്ങൾ!
ഇങ്ങെഴുംലതാപുഷ്പതരുവൃന്ദങ്ങൾപോലും
ഭംഗിയിൽപാടുന്നല്ലോ മാധവഗാനാമൃതം!
ധന്യമാരായുള്ളൊരു നിങ്ങൾതൻ പാദാന്തികേ
നന്നായിട്ടുറങ്ങുന്നു യോഗാദികർമ്മമെല്ലാം!
നിങ്ങളച്യുതപ്രേമം കനിവോടിവനിന്നു
സമ്മാനിച്ചിതുമൂലം കൃതകൃത്യനിദ്ദാസൻ!

അദ്ദേഹം ഭക്തിപ്രണതചിത്തനായി പിന്നേയും തുടന്നു:

"ഏതാഃ പരംതനുഭൃതോ ഭുവിഗോപവധ്വോ
ഗോവിന്ദഏവ നിഖിലാത്മനിരൂഢഭാവാഃ

വാഞ്ഛന്തിയദ്ഭവഭിയോമുനയോവയം ച
കിംബ്രഹ്മജന്മഭിരനന്തകഥാരസസ്യ.

നായംശ്രിയോ/ങ്ഗ ഉനിതാന്തരതേഃ പ്രസാദഃ
സ്വർയ്യോഷിതാം നളിനഗന്ധരുചാംകുതോ/ന്യാഃ
രാസോത്സവേ/സ്യ ഭുജദണ്ഡഗൃഹീതകണ്ഠ-
ലബ്ധാശിഷംയ ഉദഗാദ്വ്രജവല്ലവീനാം.

ആസാമഹോ ചരണരേണുജുഷാമഹംസ്യാം
വൃന്ദാവനേകിമപിഗുല്മലതൌഷധീനാം
യാദുസ്ത്യജംസ്വജനമാര്യപഥംചഹിത്വാ
ഭേജുർമുകുന്ദപദവീംശ്രുതിഭിർവിമൃഗ്യം."

(ശ്രീമൽഭാഗവതം 10-47.-58,60,61)

"ലോകത്തിൽ ഈ ഗോപാലലലനമാരുടെ ജന്മംതന്നെയാണ് സഫലമായത്. എന്തുകൊണ്ടെന്നാൽ ഇവരുടെ മനസ്സ്, ഭവഭയ ഭീതരായ മഹർഷിമാരും, അതുപോലെ നമ്മളെല്ലാവരും ആഗ്രഹിക്കുന്ന വിശ്വാത്മാവായ ഭഗവാൻ ശ്രീ ഗോവിന്ദനിൽ ലയിച്ചുകൊണ്ടിരിക്കുന്നല്ലോ! സത്യമായും ശ്രീ അനന്തലീലാകഥാരസികരായവൎക്ക് ബ്രാഹ്മണൎക്കുള്ളതുപോലെ മൂന്നു ജന്മങ്ങളുടെ (ജനനം, ഉപനയം, യജ്ഞദീക്ഷ എന്ന പൌരാണികമതം) ആവശ്യംതന്നെ എന്താണ്? രാസക്രീഡാ സമയത്ത് ഭഗവാൻ ശ്രീഹരിയുടെ ഭുജലതകളെ തങ്ങളുടെ കണ്ഠാഭരണമാക്കി പൂൎണ്ണകാമകളായ ഈ വ്രജബാലമാരുടെ അവസ്ഥ, ശ്രീനളിനനയന പ്രസാദപാത്രമായി, പ്രീതിയോടുകൂടി ഹൃദയത്തിൽത്തന്നെ നിവസിക്കുന്ന ശ്രീലക്ഷ്മീഭഗവതിക്കും, കമലാകാന്തിയും തൽസുഗന്ധവും കലൎന്ന സുരസുന്ദരികൾക്കുംകൂടി ലഭിച്ചിട്ടില്ല! മററുള്ളവരുടെ കഥ പിന്നെ പറയാനുണ്ടോ? ഈ മഹാഭാഗകളായ ഗോപികന്മാർ, വിട്ടുപിരിഞ്ഞുപോകാൻ പ്രയാസമായ ബന്ധുക്കളേയും, ആൎയ്യധൎമ്മങ്ങളേയും ത്യജിച്ചു, ശ്രുതിസ്മൃതികളന്വേഷിച്ചുകൊണ്ടിരിക്കുന്ന മുകുന്ദപദവിയെ അനുസരിക്കുന്നു. അഹോ! ഞാൻ വരുന്നജന്മത്തിലെങ്കിലും ഈ വൃന്ദാവനത്തിലുള്ള വള്ളി, ഔഷധിക്കുററിക്കാട് ഇതിൽ ഏതെങ്കിലും ഒന്നായി, അതിൽ ഈ ഗോപികമാരുടെ ചരണധൂളിപതിച്ച് ഉത്തമനായിത്തീരുമോ?"

അധുനാധുനനായ ഒരു മഹാൻ പാടുന്നു:—

“കാളിന്ദികൊണ്ടൊരു നീലക്കരയിട്ട
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ,
കാലികൾനക്കിത്തുടുക്കുമച്ചെന്തളിർ-
ക്കാലടിവെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്നനിൻദിക്കിലെങ്ങനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!”

(സാഹിത്യമഞ്ജരി മൂന്നാംഭാഗം)

(തുടരും)

# ശുഭാപ്തിവിശ്വാസം

(പി. ജി. എം.)

എന്തൊക്കെ വിചിത്ര പരിണാമങ്ങളുടെ വിളയാട്ടങ്ങളുണ്ടായാലും, അവസാനം നന്മ തിന്മയെ കീഴ്പ്പെടുത്തും: സത്യം അസത്യത്തെ വെല്ലും, അഹിംസ ഹിംസയെ അമക്കും എന്ന ദൃഢബോധമാണ് ശുഭാപ്തിവിശ്വാസത്തിന്റെ കാതൽ. ആശയും ആഹ്ലാദവും ആത്മവിശ്വാസി ഉപേക്ഷിക്കയില്ല. താല്ക്കാലികമായി പ്രത്യക്ഷപ്പെടുന്ന മൂടൽമഞ്ഞുകളെയൊക്കെ തുരത്താൻ കെല്പുണ്ട് ആയാളുടെ ആശാകിരണങ്ങൾക്ക്.

ആത്മാവാണു യഥാർത്ഥമെന്നും, ആ ബോധം കൈവരുത്തുവാനാണു ജീവൻ ജന്മസ്വീകാരം ചെയ്തിട്ടുള്ളതെന്നും, ജീവബ്രഹ്മൈക്യം സിദ്ധമായാൽ പരമാനന്ദമായെന്നും ഭാരതീയരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള സജീവവിശ്വാസങ്ങളാണ്. ബഹുമുഖമായ പ്രവൃത്തിമാർഗ്ഗത്തിന്റെ വൈപുല്യംകൊണ്ട് ഈ തത്വം വിസ്മരിക്കുവാൻ ഇക്കാലത്തു പലർക്കും ഇടവരുന്നുണ്ട്. തല്ക്കാലലാഭങ്ങൾ കണക്കാക്കിയുള്ള പ്രവൃത്തികൾക്കിടയിൽ സനാതനതത്വങ്ങൾ വിസ്മരിക്കപ്പെടുന്നു. ഫലമോ നിരാശയും അധഃപതനവും. ഒടുവിൽ അവനവന്റെ കൊള്ളരുതായ്മകളെ അന്യന്റെ തലയിൽ കെട്ടിവെയ്ക്കാനുള്ള വെമ്പലായി. അവസാനം ഭീമമായ പരാജയവും.

ലൗകികതയോടുള്ള ഇഴുകിപ്പിടുത്തം എത്ര ദൃഢമായാലും, വിഷയജന്യമായ സുഖത്തിന്റെ ക്ഷണികത മനുഷ്യനെ മയക്കത്തിൽ

നിന്നുണൎത്തി, ഇതിലപ്പുറമെന്തെങ്കിലുമുണ്ടോ എന്നതിനെപ്പററി ചിന്തിക്കാൻ പ്രേരിപ്പിക്കാതിരിക്കയില്ല. അപ്പോഴാണു നിവൃത്തിമാൎഗ്ഗത്തിൽ ശ്രദ്ധ പതിയുന്നതു്. യഥാൎത്ഥസുഖത്തിന്റെ ഉറവിടം അവനവനിൽത്തന്നെയുണ്ടെന്നും, മനസ്സിനെ ആ സ്ഥാനം കണ്ടുപിടിപ്പാൻ ഉദ്യുക്തമാക്കിയാൽ തീൎച്ചയായും ആത്മാസ്യമായ ഫലം സിദ്ധിക്കുമെന്നും നമുക്കു മനസ്സിലായിത്തുടങ്ങും. അവിടെയെത്താതിരിക്കയില്ലെന്നുറപ്പുവരുമ്പോൾ ഇടയ്ക്കു കാണുന്ന പ്രതിബന്ധങ്ങൾ നമ്മെ ഹതാശരാക്കുകയില്ല. ശുഭാപ്തിവിശ്വാസം എപ്പോഴും താങ്ങുംതണലുമായിത്തീരും.

പുരുഷന്റേയും പ്രകൃതിയുടേയും മിശ്രകേളിയാണു് ഇക്കാണായതൊക്കെ. ലോകമാൎഗ്ഗത്തെ ഒരു വൃത്തത്തോടുപമിക്കുന്നതായാൽ വൃത്തത്തിന്റെ അൎദ്ധഭാഗം പ്രകൃതിലിലേയ്ക്കിറങ്ങുന്നതായും, മറുഭാഗം പ്രകൃതിപുരുഷനിലേയ്ക്കു കയറുന്നതായും ചിത്രീകരിക്കാം. പുരുഷൻ ഉറകൾ (കോശങ്ങൾ) ധരിച്ചു പ്രകൃതിയിലേയ്ക്കു് ഇറങ്ങുകയും, അവയെ ഭേദിച്ചു പുറത്തുപോവുകയും ചെയ്യുന്നു ഇറക്കം പ്രവൃത്തിയും, കയററം നിവൃത്തിയുമെന്നറിയപ്പെടുന്നു. ധൎമ്മം, അൎത്ഥം, കാമം ഇവയത്രേ പ്രവൃത്തിയിൽ പ്രധാനം. നിവൃത്തിയിലോ മോക്ഷവും. ധൎമ്മത്തിൽ അടിയുറപ്പിച്ചുകൊണ്ടു് അൎത്ഥസമ്പാദനത്തിൽ ശ്രദ്ധിക്കുകയും, അതനുസരിച്ചു വിഹിതകാമങ്ങൾ അനുഭവിക്കുകയുമാണു വേണ്ടതു്. ഭോഗാനുഭവത്തിൽ വിവേചനത്തിന്നാണു പ്രാധാന്യം. അത്തരം വിവേകത്തോടുകൂടിയ പ്രവൎത്തനം അനിത്യവിഷയങ്ങളിൽ അരതിയുണ്ടാക്കിത്തീൎക്കുകയും മോക്ഷസമ്പാദനപരിശ്രമത്തിനു് ഉത്സാഹം നൽകുകയും ചെയ്യും. ഭക്തിയിൽനിന്നു ശക്തിയും അതിൽനിന്നു മുക്തിയും സിദ്ധമാവുന്നു. ഇതാണു പൊതുവെയുള്ള ജീവിതപരിപാടി. മുക്തിയാകുന്ന പരമലക്ഷ്യം ശുഭപൎയ്യവസാനത്തെയാണല്ലോ ഉൽഘോഷിക്കുന്നതു്.

കാൎയ്യകാരണബന്ധത്തിൽ അധിഷ്ഠിതമായ കൎമ്മതത്വം നിരാശയ്ക്കല്ല വഴിവെയ്ക്കുന്നതു്. അനുഭവങ്ങളൊക്കെ കർമ്മത്തെ അടിസ്ഥാനപ്പെടുത്തിയാണു്. കൎമ്മങ്ങളെ തിരഞ്ഞെടുക്കുന്നതിൽ മനുഷ്യനു വളരെ സ്വാതന്ത്ര്യമുണ്ടു്. അവരവരുടെ വിധികൎത്താവു മററാരുമല്ല എന്നാണു കൎമ്മനിയമം. ഒരുവന്റെ ഉൽഗതിക്കും അധോഗതിക്കുമുള്ള ഉത്തരവാദം അവനവനുതന്നെയാണു്. ഉത്തമമായ ആദൎശം സ്വീകരിച്ചു്, അവിടെയെത്തുവാനുള്ള ഉചി

തങ്ങളായ ഉപായങ്ങൾ കൈക്കൊണ്ടു്, ശക്തിക്കൊത്തവിധം പരിശ്രമിക്കുന്നതായാൽ തീർച്ചയായും ലക്ഷ്യപ്രാപ്തിയുണ്ടാവും. ഒരു കർമ്മം എപ്പോൾ ഫലിക്കുമെന്നു തീർത്തുപറയുവാൻ സാധാരണ സാദ്ധ്യമല്ല. അതുകൊണ്ടാണു് ഇന്നപ്പോൾ ഫലം കിട്ടുമെന്നു് ഉറപ്പിക്കാനാവാത്തതു്. പക്ഷേ ഫലസിദ്ധി തീർച്ചയെന്നു ധൈര്യപ്പെടാം. ഈ തത്വഗ്രഹണം ശുഭവിശ്വാസത്തെ വർദ്ധിപ്പിക്കുകയേ ചെയ്യൂ. മനുഷ്യജീവിതത്തിന്റെ സർവ്വവിധ പുരോഗതിക്കും പ്രചോദനം നൽകുന്ന നാരായവേരാണു ശുഭാപ്തിവിശ്വാസം.

---

# * ഒരു ഭൃത്യന്റെ ബുദ്ധിശക്തി

## (ഒരു ചരിത്രകഥ)

(പരേതനായ) കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, ബി. എ. ബി. എൽ.

മുസൽമാൻ രാജ്യഭരണകാലത്തു് ഒരിക്കൽ ഒരു കാജി (ഗവർണർ) ചക്രവർത്തിയെ കാണാൻ പോയിരുന്നു. മതവിഷയത്തിൽ താൻ വലിയൊരു വിദ്വാനാണെന്നു കാജി അഭിമാനിച്ചിരുന്നു. ഇയാളുടെ യോഗ്യതയെപ്പററി ഒന്നു പരീക്ഷിക്കണമെന്നു് ചക്രവർത്തിക്കു തോന്നി. അദ്ദേഹം ഒരു വിദ്വാനായിരുന്നില്ല; എങ്കിലും, കാജിയോടു ചോദിക്കാനുദ്ദേശിച്ച ചോദ്യങ്ങൾ ഗവർണർ സ്ഥാനത്തിന്നാഗ്രഹിച്ചിരുന്ന വേറൊരാൾ ചക്രവർത്തിക്കു സൂചിപ്പിച്ചുകൊടുത്തതായിരുന്നു. കാജി ചക്രവർത്തിയുടെ മുമ്പാകെ വന്നപ്പോൾ ചക്രവർത്തി ചോദിച്ചു.

"ഈശ്വരൻ എങ്ങോട്ടു നോക്കിയാണിരിക്കുന്നതു്? ഈശ്വരൻ എവിടെയാണിരിക്കുന്നതു്? അദ്ദേഹം എന്താണു ഭക്ഷിക്കുന്നതു്? അദ്ദേഹം എന്തു ചെയ്യുന്നു?" ഈ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറഞ്ഞു് തന്നെ തൃപ്തിപ്പെടുത്തുന്നതായാൽ ആയാൾക്കു് ജോലിയിൽ കയററം കൊടുക്കുന്നതാണെന്നു ചക്രവർത്തി പറഞ്ഞു. ചക്രവർത്തിയുടെ ചോദ്യങ്ങൾക്കു തക്ക ഉത്തരം പറയാൻ ഞെരുക്കമാണെന്നു കാജിക്കു തോന്നി. മുഖസ്തുതി പറഞ്ഞു ചക്രവർത്തിയെ സന്തോഷിപ്പിക്കുന്ന കാര്യത്തിൽ ആയാൾ നല്ല മിടുക്കനായിരുന്നു. ഈ

---

* വിവേകവാണി പത്രാധിപരായിരുന്ന ശ്രീ, പി, ഗോവിന്ദമേനോൻ ബി. എ. ബി. ടി, അയച്ചുതന്നതു്.

ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ എട്ടു ദിവസത്തെ എടകിട്ടേണമെന്നു് കാജി അപേക്ഷിച്ചു.

കാജി എട്ടുദിവസത്തോളം ദീർഘാലോചന ചെയ്തിട്ടും ആയാൾക്കു ഒന്നും തീരുമാനിക്കാൻ കഴിഞ്ഞില്ല. എട്ടാമത്തെ ദിവസമായി; എങ്കിലും ചോദ്യങ്ങൾക്കു ശരിയായ ഉത്തരം അവനു കിട്ടിയില്ല. കുറെക്കൂടി എടകിട്ടാനായി ദീനമാണെന്നു നടിച്ചു് കാജി കിടപ്പിലായി. കാജിയുടെ ഭൃത്യൻ അടുത്തു വന്നു എന്താണു് സുഖക്കേടു് എന്നു ചോദിച്ചു കാജി പറഞ്ഞു, "പോടാ പുറത്തു്! എന്നെ അലട്ടണ്ട; ഞാൻ മരിക്കാറായിരിക്കുന്നു." ഭൃത്യൻ പറഞ്ഞു, "എജമാന്നെ! ദയവുചെയ്തു സുഖക്കേടു് എന്താണെന്നു പറഞ്ഞാലും! അങ്ങു സുഖക്കേടു് അനുഭവിക്കുന്നതു് എനിക്കു കാണാൻ വയ്യ. അങ്ങു മരിക്കുന്നതിനേക്കാൾ നല്ലതു് ഞാൻ മരിക്കയാണു്." കാജി കാര്യമെല്ലാം തുറന്നു പറഞ്ഞു. ഭൃത്യൻ എടുത്തിരുന്ന ജോലി നന്നെ താണതായിരുന്നുവെങ്കിലും വാസ്തവത്തിൽ അവൻ നല്ല വിദ്വാനായിരുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരം അവനു കരസ്ഥമായിരുന്നു. താൻ ചക്രവർത്തിയുടെ അടുക്കൽപോയി ചോദ്യങ്ങൾക്കു ഉത്തരം പറഞ്ഞുകൊള്ളാമെന്നും കാജിതന്നെ കല്പിച്ചയച്ചതായിട്ടു് ഒരു കത്തുകിട്ടണമെന്നും തന്റെ ഉത്തരം ചക്രവർത്തിക്കു ബോദ്ധ്യമാകാത്തപക്ഷം താൻ മരിക്കാൻ ഒരുക്കമാണെന്നും തന്റെ എജമാനൻ മരിക്കേണ്ടതില്ലെന്നും അവൻ പറഞ്ഞു. ഇങ്ങനെ ചെയ്യുന്നതിനെപ്പററി കാജിക്കു സംശയമായിത്തീർന്നു; എന്നാൽ അതേ ക്ഷണത്തിൽതന്നെ രാജാവിന്റെ ദൂതൻ കാജിയുടെ അടുക്കൽ വന്നെത്തി. ആയാൾ പേടിച്ചു വിറച്ചുകൊണ്ടു് ഭൃത്യനോടു പോകാൻ പറഞ്ഞു. അവൻ തനിക്കുള്ളതിൽവെച്ചു നല്ല വസ്ത്രങ്ങൾ ധരിച്ചുവെങ്കിലും അതു കീറി മുഷിഞ്ഞതായിരുന്നു. അവൻ ഒരു വേദാന്തിയായിരുന്നു. ഈ വേദാന്തി ലേശം കൂസൽകൂടാതെ ചക്രവർത്തിയുടെ അടുക്കൽചെന്നു പറഞ്ഞു, "പ്രഭോ, അങ്ങയുടെ ആവശ്യം എന്താണു്? എന്നോടു് എന്തു ചോദിക്കാനാണു് അങ്ങു ആഗ്രഹിക്കുന്നതു്?" ചക്രവർത്തി പറഞ്ഞു, "തന്റെ എജമാനൻ പക്കൽ കൊടുത്ത ചോദ്യങ്ങൾക്കു് ഉത്തരംപറയാൻ തനിക്കു കഴിയുമോ? വേദാന്തി പറഞ്ഞു, "ഞാൻ ഉത്തരം പറഞ്ഞുകൊള്ളാം. എന്നാൽ ചോദ്യങ്ങൾക്കു ഉത്തരം പറയുന്നവൻ ഗുരുനാഥനും ചോദിക്കുന്നവൻ ശിഷ്യനുമാണെന്നു് അങ്ങയ്ക്കു അറിയാമല്ലോ. അങ്ങു ഒരു യഥാർത്ഥമുസൽമാനാണെന്നും പരിശുദ്ധ ഖുറാനിലെ നിയമ

ങ്ങൾ അനുസരിക്കുന്നവനാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. നിയമപ്രകാരം അങ്ങു് എന്നെ മാന്യസ്ഥാനത്തു് ഇരുത്തണം; അതിനേക്കാൾ താണസ്ഥാനത്തു് അങ്ങു ഇരിക്കണം." അവനു വിശേഷപ്പെട്ട വസ്ത്രങ്ങൾ ഉടുക്കാൻ കൊടുത്തു് അവനെ രാജസിംഹാസനത്തിൽ ഇരുത്തി. രാജാവു് സിംഹാസനത്തിന്റെ പടിയിൽ ഇരുന്നു. രാജാവു പറഞ്ഞു, "എന്നാൽ ഒന്നുകൂടി ഉണ്ടു്. തന്റെ ഉത്തരങ്ങൾ കേട്ടു് എനിക്കു തൃപ്തിവരാത്തപക്ഷം ഞാൻതന്നെ കൊല്ലും" വേദാന്തി പറഞ്ഞു, "തീർച്ചയായും ഞാൻ അതു മനസ്സിലാക്കീട്ടുണ്ടു്."

"ഈശ്വരൻ എവിടെ ആണു് ഇരിക്കുന്നതു്" എന്നാണല്ലോ ആദ്യത്തെ ചോദ്യം. അതിന്നു ശരിക്കു ഉത്തരം പറയുന്നതായാൽ ചക്രവർത്തിക്കു മനസ്സിലാവില്ല എന്നു കരുതി, "ഒരു പശുവിനെ കൊണ്ടുവരിക" എന്നു പറഞ്ഞു. ആൾക്കാർ ഒരു പശുവിനെ കൊണ്ടുവന്നു. "കറക്കുന്ന പശുവാണോ" എന്നു വേദാന്തി ചോദിച്ചു. "അതേ" എന്നു ചക്രവർത്തി മറുപടി പറഞ്ഞു. "പാലു് എവിടെയാണു് ഇരിക്കുന്നതു്" എന്നു വേദാന്തി ചോദിച്ചു. "അകിട്ടിലാണു്" എന്നു ചക്രവർത്തി മറുപടി പറഞ്ഞു. "അതു ശരിയല്ല; പാലു് പശുവിന്റെ ദേഹം മുഴുവനും വ്യാപിച്ചു കിടക്കുന്നുണ്ടു്." എന്നു വേദാന്തി പറഞ്ഞു. പിന്നെ വേദാന്തി കുറെ പാലു കൊണ്ടുവരാൻ പറഞ്ഞു. "വെണ്ണ എവിടെയാണു്? പാലിൽ വെണ്ണ ഉണ്ടോ? എന്നു വേദാന്തി ചോദിച്ചു. "ഉവ്വു്" എന്നു പാൽക്കാർ പറഞ്ഞു. എന്നാൽ "അതു എവിടെ? എന്നെ ബോദ്ധ്യപ്പെടുത്തിത്തരുവിൻ" എന്നു വേദാന്തി പറഞ്ഞു. അവർക്കു സമാധാനം പറയാൻ കഴിഞ്ഞില്ല. പിന്നെ വേദാന്തി പറഞ്ഞു. "വെണ്ണ എവിടെയാണിരിക്കുന്നതെന്നു് നിങ്ങൾക്കു പറയാൻ കഴികയില്ലെങ്കിലും വെണ്ണ പാലിലുണ്ടെന്നും അതു പാലിൽ സർവ്വത്ര വ്യാപിച്ചുകിടക്കുന്നുണ്ടെന്നും നിങ്ങൾക്കു വിശ്വസിക്കാതെ കഴിയുന്നതല്ല. അതുപോലെ ഈശ്വരൻ എല്ലാ ദിക്കിലും ഉണ്ടു്. വെണ്ണ പാലിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നതുപോലെയും പാലു് പശുവിന്റെ ദേഹമെല്ലാം വ്യാപിച്ചിരിക്കുന്നതുപോലെ ഈശ്വരൻ ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്നു. പാലു കിട്ടണമെങ്കിൽ പശുവിനെ കറക്കണം. ഈശ്വരനെ ലഭിക്കണമെങ്കിൽ നിങ്ങളുടെ ഹൃദയത്തെ നിങ്ങൾ കറക്കണം," പിന്നെ വേദാന്തി ചോദിച്ചു. "എന്റെ ഉത്തരം അങ്ങേക്കു തൃപ്തികരമായോ?" "ഉവ്വു്" എന്നു ചക്രവർത്തി മറുപടി പറഞ്ഞു.

"ഈശ്വരൻ ഏതു ഭാഗത്തേക്കാണ് നോക്കി ഇരിക്കുന്നതു്; കിഴക്കോ, തെക്കോ, പടിഞ്ഞാറോ, വടക്കോ," എന്നാണല്ലൊ രണ്ടാമത്തെ ചോദ്യം. ഇതു അസംബന്ധമായ ഒരു ചോദ്യമാണ്. ഈശ്വരനെ ഒരു മനുഷ്യനെപ്പോലെ വിചാരിച്ചിട്ടാണ് ഈ ചോദ്യത്തിന്നിടയായതു്." വേദാന്തി ഒരു വിളക്കുകൊണ്ടുവരാൻ പറഞ്ഞു. ഒരാൾ ഒരു മെഴുകുതിരി കൊളുത്തിക്കൊണ്ടുവന്നു. വെളിച്ചം കിഴക്കൊ തെക്കൊ പടിഞ്ഞാറൊ വടക്കൊ അഭിമുഖമായിരിക്കുന്നില്ലെന്നും എല്ലാദിക്കിലും സമമായി ഇരിക്കുന്നുവെന്നും വേദാന്തി കാണിച്ചു കൊടുത്തു. രാജാവിന്നു തൃപ്തിയായി. അതുപോലെ സർവ്വതോമുഖമായി നിങ്ങളുടെ ഉള്ളിൽ കുടികൊള്ളുന്ന മെഴുകുതിരിയാണ് ഈശ്വരൻ.

പിന്നത്തെ ചോദ്യം "ഈശ്വരൻ എന്തു ചെയ്യുന്നു?" എന്നാണ് "ആട്ടെ, അവിടുന്നുതന്നെ പോയി കാജിയെ കൂട്ടിക്കൊണ്ടുവരണം" എന്നു വേദാന്തി പറഞ്ഞു. കാജി വന്നപ്പോൾ തന്റെ ഭൃത്യൻ സിംഹാസനത്തിൽ ഇരിക്കുന്നതുകണ്ടു് അത്യാശ്ചര്യപ്പെട്ടു. പിന്നെ പണ്ഡിതനു നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു കാജിയോടും [കാജിയ്ക്കുള്ള സ്ഥലത്തു ചക്രവർത്തിയോടും ഇരിക്കാൻ അവൻ ആവശ്യപ്പെട്ടു. താൻ രാജസിംഹാസനത്തിലും ഇരുന്നു. പിന്നെ അവൻ പറഞ്ഞു: "ഈ രീതിയിലാണു ഈശ്വരൻ എല്ലാ സ്ഥാനങ്ങളേയും ഇടവിടാതെ മാററിയും മറിച്ചും ചെയ്യുന്നതു്; പണ്ഡിതനെ രാജാവാക്കുന്നു; രാജാവിനെ കാജിയാക്കുന്നു; കാജിയെ പണ്ഡിതനാക്കുന്നു. ലോകത്തിൽ ഒരു കുടുംബം വലിയ പദവിയെ പ്രാപിക്കുന്നു; പിന്നെ അതു നാമാവശേഷമായിത്തീരുന്നു; വേറെ ഒരു കുടുംബം ആ സ്ഥാനത്തു വരുന്നു. കുറച്ചുകാലം ഒരാൾ വലിയ മാന്യപദവിയിലിരിക്കുന്നു; പിന്നെ അവന്റെ സ്ഥാനത്തു വേറെ ഒരാൾ ഇരിയ്ക്കുന്നു. ഇതു ലോകരീതിയാണ്.

"രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ
മാളികാമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുങ്ങാക്കുന്നതും ഭവാൻ"

ദൈവത്തിന്റെ ഗതി വിചിത്രമെന്നേ പറവാനുള്ളൂ. അന്നു മുതല്ക്കു ചക്രവർത്തി പണ്ഡിതനെ (വേദാന്തിയെ) കാജിയായി നിശ്ചയിച്ചു.

# ശിശു.

എ. വി. ശങ്കരൻ.

കുന്നിനെ കുടയാക്കിപ്പിടിച്ച മനുജന്റെ
കുന്നിയ്ക്കു മനസ്സൃത ദൃഢയത്നത്തിൻ മുന്നിൽ
ഉന്നത ഹിമാലയ ശൈലവും തലതാഴ്ത്തി
നന്നു പൌരുഷമേ, നിൻവിജയം പ്രശംസാർഹം
എങ്കിലുമതിർവിട്ടു കവിയാതിരിയ്ക്കട്ടെ
നിങ്കലുള്ളഭിമാനമഭികാമ്യമെന്നാലും !
പൂവിനെ വിരിയിയ്ക്കാനയക്കപ്പെട്ടന്നോരു
കോമളക്കുളിരണിത്തെന്നലിനാലേ തന്നെ
മറുനാളനായാസമതിനെക്കൊഴിയിച്ചു
മരുവും മഹാവിശ്വപ്രകൃതിരഹസ്യങ്ങൾ
ഇരുളിൻകുമ്പാരമാം രാവിനുപകൽത്തീപ്പാൻ
വിരുതേറിയ വിശ്വപ്രകൃതിരഹസ്യങ്ങൾ
മുഴുവനാരായുവാനറിവാൻ നിനക്കെന്നു
കഴിവുണ്ടാകും മർത്ത്യ, ശിശു നീയിന്നുംമന്നിൽ !

---

# ചില മഹദ്വചനങ്ങൾ

ഗോവിന്ദൻകുട്ടി നായർ

പ്രപഞ്ചത്തിന്റെ ഘടകവും അതിന്റെതന്നെ ഒരു ചെറിയ രൂപവും എന്ന നിലയിൽ മനുഷ്യനു പ്രപഞ്ചത്തിന്റെ സമഷ്ടിത്വത്തിൽനിന്നും നന്മയിൽനിന്നും സിദ്ധിച്ചതല്ലാതെ സ്വന്തമായ ഒരു വ്യക്തിത്വമോ നന്മയോ ഇല്ല. (പ്ലേറ്റോ.)

ജ്ഞാനാത്മകമായ പ്രപഞ്ചസത്ത ശാശ്വതവും വികാരരഹിതവുമാണ്. ബാഹ്യപ്രപഞ്ചത്തിൽ സംഭവിക്കുന്ന എല്ലാ പരിണാമങ്ങളുടേയും ഉത്ഭവസ്ഥാനവും മൂലകാരണവും അതല്ലാതെ മററൊന്നുമല്ല. മനുഷ്യന്റെ ഐഹികമായ എല്ലാ നന്മകളുടേയും സാ

രാംശം, ജ്ഞാനാത്മകമായ ആ പ്രപഞ്ചസത്തയ്ക്കനുസരിച്ച താനെന്നോ അന്യനെന്നോ ഉള്ള വിചാരം കൂടാതെ പ്രവൎത്തിക്കുകയാണു്. (അരിസ്റ്റോട്ടൽ)

ധനമില്ലാത്ത മനുഷ്യക്ക് അത്യദ്ധ്വാനം ചെയ്താലും പുരുഷാൎത്ഥങ്ങൾ ലഭിക്കുകയില്ല. ധനംകൊണ്ടു വേണം പുരുഷാൎത്ഥങ്ങൾ നേടാൻ. ആനയെ ബന്ധിക്കാൻ ആനതന്നെ വേണമല്ലോ. (കൌടല്യൻ)

സദുദ്ദേശത്തോടുകൂടാത്തതൊഴിച്ചു നല്ലതെന്നു വിളിക്കത്തക്കതായി ഈ ലോകത്തിലോ ഇതിന്നു പുറത്തോ യാതൊന്നുമില്ല. സ്വന്തം കാന്തികൊണ്ടു ശോഭിക്കുന്നതേതോ അതു രത്നമാണു്. —കാൻറു്.

അപ്പമാദോ—അമതപദം
പമാദോ—മച്ചുഹോപദ-
അപ്പമത്താ—നമീയന്തി
യേപമത്താ—യഥാമതാ.

അബദ്ധം ചെയ്യാത്തവൻ ആനന്ദാവസ്ഥയെ പ്രാപിക്കുന്നു; അബദ്ധംചെയ്യുന്നവനോ വ്യസനാകീൎണ്ണമായ മരണാവസ്ഥയേയും പ്രമാദം പററാത്തവൻ അതു പററുന്നവനെപ്പോലെ ഐഹികദുഃഖങ്ങൾ അനുഭവിച്ചു ക്ലേശിച്ചു മരിക്കുന്നില്ല. — ശ്രീ ബുദ്ധൻ

മനുഷ്യന്നു എത്താവുന്നതും അവൻ എത്തേണ്ടതുമായ ആ പരിപൂൎണ്ണതയിലേയ്ക്കുള്ള പ്രയാണത്തിൽ, സമുദായത്തിൻെറ വളൎന്നുവരുന്ന ബോധശക്തിയാൽ ആകൃതിപ്പെടുത്തപ്പെട്ട ചട്ടങ്ങളാണു് ജീവിതത്തിൽ നാം അവശ്യം ആചരിച്ചേ കഴിയൂ എന്നു് അനുശാസിക്കപ്പെടുന്ന ധാൎമ്മികനിയമങ്ങൾ. —ഹെഗൽ.

പ്രവൃത്തിജടിലമായ ഈ ജീവിതത്തിൽ ഏതാനും മണിക്കൂറെങ്കിലും ഓരോ ദിവസവും നമുക്കു നമ്മിൽത്തന്നെ വിശ്രമിപ്പാനും, നമ്മുടെ മനസ്സിനെ ആ "മഹാനിശ്ശബ്ദത"യുടെ ജാഗരൂകമാക്കിചെയ്യാനും സാധിയ്ക്കുമെങ്കിൽ അതെത്ര ശ്രേഷ്ഠമായ ഒരു കാൎയ്യമായിരിയ്ക്കും! നമുക്കു ശ്രദ്ധിപ്പാൻ സാധിക്കുമെങ്കിൽ ആ "ദിവ്യപ്രക്ഷേപണി" എപ്പോഴും സംഗീതം പൊഴിച്ചുകൊണ്ടിരിയ്ക്കും. എന്നാൽ മൌനത്തിലൂടെയല്ലാതെ അതിനെ ശ്രദ്ധിപ്പാൻ സാധിക്കുകയില്ല. (മഹാത്മജി)

മനുഷ്യപ്രകൃതി ഒരു ഭരണഘടനയെപ്പോലെയാണു്. അതിൽ പരമാധികാരം മനസ്സാക്ഷിക്കാണു്. മനസ്സാക്ഷിയ്ക്കു ശക്തിയുണ്ടോ

നീതി നടത്താൻ കഴിയും. പ്രതാപമുണ്ടോ അധികാരം ചെലുത്താനും കഴിയും. ലോകത്തെ മുഴുവനും ഭരിക്കുന്നതു അതാണ്.

(ബട്ളർ)

ആരേയും അവഗണിക്കരുത്. എല്ലാവരുടെ അഭിപ്രായങ്ങളും കേൾക്കണം. കുട്ടികളുടേതായാലും അർത്ഥമുള്ള വാക്കിനെ അറിവുള്ളവർ സ്വീകരിക്കണം. (വിശാലാക്ഷൻ)

അർത്ഥത്തിന്റെ കാരണം ഉത്സാഹമാണ്; അനർത്ഥത്തിന്റേതു ആലസ്യവും. അലസതകൊണ്ടുള്ളതുമാത്രമല്ല, ഉണ്ടാകാവുന്നതു കൂടി നശിക്കും. ഉത്സാഹംകൊണ്ടു ഉദ്ദിഷ്ടകാര്യം സാധിക്കും. ഉള്ളതു വർദ്ധിക്കുകയും ചെയ്യും. (കൌടല്യൻ)

ദൈവത്തെ ഒന്നും ഓർമ്മപ്പെടുത്തേണ്ടതായിട്ടില്ല. അദ്ദേഹം എല്ലാററിലും ഉണ്ടു്. നമ്മുടെ പ്രാർത്ഥന ഒരുതരം ആത്മസംശോധനമാണ്. അതു വിനയത്തിന്നുള്ള ഒരു ആഹ്വാനമാണ്. അതു ആത്മശുദ്ധിക്കും ആത്മാന്വേഷണത്തിന്നും ഉള്ള ഒരു പ്രചോദനവുമാകുന്നു. (മഹാത്മജി)

ഐഹികത്തിൽ സന്തുഷ്ടനായ മനുഷ്യർ പാരത്രികത്തിലും സന്തുഷ്ടനായിരിക്കും. സുകൃതം ചെയ്യുവർ രണ്ടു ലോകത്തിലും സന്തുഷ്ടരായിരിക്കും. (ശ്രീ ബുദ്ധൻ)

---

## ഈശ്വരൈകത്വം പരമലക്ഷ്യം

(വി. കെ. നാരായണഭട്ടതിരി)

"ഋചോഅക്ഷരേ പരമേ വ്യോമൻ
യസ്മിന്ദേവഃ അധിവിശ്വേ നിഷേദുഃ
യസ്തന്നവേദ കിമൃചാ കരിഷ്യതി
യ ഇത്തദ്വിദുഃ തേ ഇമേസമാസതേ"

(ഋഗ്വേദം)

തൃശ്ശിവപേരൂർ വടക്കുന്നാഥൻ ക്ഷേത്രത്തിൽ അനേകം ഈശ്വരന്മാരെ പ്രതിഷ്ഠിച്ചിട്ടുണ്ടു്. അവിടെ എല്ലാം തൊഴുന്നതിന്നു് ചിലക്രമം, നിയമം, മന്ത്രങ്ങൾക്കുള്ള നിയമനം ഇങ്ങിനെ പലതുമുണ്ടു്. മുമ്പുകാലത്തു് തൃശ്ശിവപേരൂർ ബ്രഹ്മസ്വം മഠത്തിലേക്കു് വേദാധ്യായനത്തിന്നു വരുമ്പോൾ പുതുതായി വന്നവരെ പഴമക്കാർ മതിലകത്തു് തൊഴുവാനെല്ലാം വശമാക്കിക്കൊടുക്കുക പതിവാണ്. ഇ

വിടെ ഉദ്ധരിച്ച മന്ത്രം വടക്കുന്നാഥൻ ക്ഷേത്രത്തിലെ ശങ്കരനാരായണമൂർത്തിയെ തൊഴുവാൻ ഉപയോഗിക്കുന്നതാണ്. ഈ മന്ത്രത്തിന്റെ സാരം താഴെ ചേർക്കുന്നു:—

വേദപ്രതിപാദ്യനും നാശരഹിതനും സർവ്വരക്ഷകനും ആ പരമോൽകൃഷ്ടനും ആയ യാതൊരു ജഗന്നിയന്താവിൽ സകല പ്രപഞ്ചവും സ്ഥിതിചെയ്യുന്നു. ആ ജഗന്നിയന്താവിനെ അറിഞ്ഞില്ലെങ്കിൽ വേദംകൊണ്ടെന്താണ് പ്രയോജനം? ആ ജഗന്നിയന്താവിനെ അറിയുന്നവൻ അതിധന്യനായിത്തീരുന്നു. ഇതിന്റെ താല്പര്യം. ശങ്കരനാരായണൻ എന്ന മൂർത്തിയെ ഇത്തരത്തിലുള്ള ഒരു മന്ത്രംകൊണ്ടു് ഉപാസിക്കുന്നതിൽ വളരെ അർത്ഥമുണ്ടു്.

ശിവനേയും വിഷ്ണുവിനേയും, അതുപോലെ ശിവനേയും പാർവ്വതിയേയും ഒന്നിച്ചു പ്രാർത്ഥിക്കുവാനായി കാളിദാസൻ ശ്ലേഷയായി "പാർവ്വതീപരമേശ്വരൌ" എന്നു രഘുവംശത്തിൽ പ്രയോഗിച്ചിട്ടുണ്ടു്. പാർവ്വതീപനേയും രമേശ്വരനേയും എന്നിങ്ങിനെ പദം മുറിക്കുമ്പോൾ ശിവനും വിഷ്ണുവുമെന്നു് അർത്ഥമാകും. പാർവ്വതിയേയും പരമേശ്വരനേയും എന്നു് പദംമുറിക്കുമ്പോൾ സ്പഷ്ടമാണല്ലോ അർത്ഥം. ഇതുപോലെ ശങ്കരനാരായണമൂർത്തിയെ സ്തുതിക്കുമ്പോൾ ശിവനേയും വിഷ്ണുവിനേയും വെവ്വേറെ ശ്ലേഷയായി സ്തുതിക്കത്തക്കവിധത്തിൽ വല്ല മന്ത്രവുമുണ്ടാക്കുവാൻ പ്രയാസമില്ല. പക്ഷെ അതല്ലാ പ്രകൃതത്തിൽ ചെയ്തതു്. ഈശ്വരതത്വം ഒന്നേയുള്ളുവെന്നും അതു് വേദപ്രതിപാദ്യമാണെന്നും ഉള്ള സംഗതിയെ ഓർക്കുക മാത്രമാണ് മേലുദ്ധരിച്ച മന്ത്രംകൊണ്ടു ചെയ്യുന്നതു്. ഇതിന്റെ താല്പര്യം മറെറാന്നുമല്ലാ. സൃഷ്ടി എന്നു വരുമ്പോൾ നാനാത്വമുണ്ടാകാതെ തരമില്ല. ആ സൃഷ്ടിയിൽ അകപ്പെട്ടു ജീവിക്കുന്നവർക്കു പെട്ടെന്നു ഏകത്വത്തിലേക്കുപോകുവാൻ സാധ്യമല്ല. സൃഷ്ടിയുടെ പരമോദ്ദേശംതന്നെ പ്രാണികളെല്ലാം ആ ഏകത്വത്തിലേക്ക് അവസാനത്തിലെങ്കിലും എത്തേണമെന്നാകുന്നു. അപ്പോൾ നാനാത്വത്തിൽ ഇരുന്നുകൊണ്ടു് ഏകത്വത്തിലേക്ക് പതുക്കെപ്പതുക്കെയെങ്കിലും ഗമിക്കുവാൻ ശ്രമിക്കുക എന്നുള്ളതാവണം നമ്മുടെ ശ്രമം. ദേവകാര്യങ്ങളിൽ ഉപയോഗിക്കുന്ന മന്ത്രങ്ങളെ മനസ്സിരുത്തി നോക്കിയാൽ ഈ ശ്രമത്തിന്നുള്ള ഒരു പ്രോത്സാഹനം സർവ്വത്ര കാണാം. ശങ്കരനാരായണമൂർത്തിയെ ഉപാസിക്കുവാൻ ഈ പ്രകൃതത്തിലുദ്ധരിച്ച മന്ത്രത്തെ ഉപയോഗിക്കുന്നതു് അത്തരത്തിലുള്ള ഒരു ശ്രമമാ

കുന്നു. "ദ്യാവാ ഭൂമീ ജനയൻ ദേവ ഏക":— ഇഹലോകപരലോകങ്ങളെ സൃഷ്ടിച്ച ദൈവം ഒന്നുതന്നെയാകുന്നു. ഈ മന്ത്രം മിക്കപൂജകളിലും ഉപയോഗിക്കാറുണ്ട്. പൂജകളിൽ ഇതിനെ ഉപയോഗിക്കുന്നതിനും അർത്ഥമുണ്ട്. ഗണപതി, സുബ്രഹ്മണ്യൻ, ശിവൻ, വിഷ്ണു മുതലായ ഏതു് ഈശ്വരനെ പൂജിക്കുമ്പോഴും ഈ മന്ത്രം ഉപയോഗിക്കും. ഈ മന്ത്രത്തിൻെറ ആദ്യഭാഗം കൂടി ചേരുമ്പോൾ ഇഹലോകപരലോകങ്ങളെ സൃഷ്ടിച്ച ദൈവം ഒന്നുതന്നെയാണ് എന്ന അർത്ഥത്തിലാണു പര്യവസാനം. അതായതു് സകല പൂജകളിലും ഈശ്വരൻെറ ഏകത്വത്തെ സ്മരിക്കാറുണ്ടെന്നു സാരം. ശങ്കരാചാര്യർ വെറും അദ്വൈതിയാണെന്നു് എല്ലാവർക്കുമറിയാം. പക്ഷെ അദ്ദേഹം മിക്ക ഈശ്വരന്മാരെയും അതാതു് ഈശ്വരന്മാർക്കുള്ള പ്രത്യേകതയെ കാണിച്ചുകൊണ്ടും ഭക്തിയോടുംകൂടി സ്തോത്രംചൊല്ലി സ്തുതിക്കുന്നതു കാണാം. ഇനി നമുക്കു വേദഭാഗം എടുത്തുനോക്കുക. നൂററമ്പതിലധികം ദേവതാ വാചകപദങ്ങളെ യാസ്കൻ ഉപദേശിക്കുന്നുണ്ടു്. യാസ്കൻ പറയാത്ത വേറെ ചില ദേവതകളെക്കൂടി വേദങ്ങളിൽ സ്തുതിക്കുന്നതു കാണാം. അപ്പോൾ ഈശ്വരനാനാത്വമുണ്ടെന്നാണു തോന്നുക. പക്ഷെ യാസ്കൻതന്നെ പറയുന്നു, ഏകമായ ആത്മാവിൻെറ വിഭൂതികളാണ് മററുള്ളവയെല്ലാമെന്നു്. വാസ്തവത്തിൽ ഏകമായ ദേവതയെ അനന്തപദങ്ങളോടും വിശേഷണങ്ങളോടുംകൂടി പറയുന്നുവെന്നേയുള്ളു. അതെല്ലാം ഒന്നുതന്നെയെന്നു യാസ്കൻതന്നെ പറയുന്നു. എന്തിനു്? വേദംതന്നെ പറയുന്നുണ്ടു്. "ദേവാനാം നാമധാഃ ഏക ഏവ" (ഋഗ്വേദം) ദേവന്മാരുടെ നാമങ്ങളെ ധരിക്കുന്ന ദേവത ഒന്നുതന്നെയാകുന്നു.

സദാചാരപരമായി ജീവിയ്ക്കുക; സത്വഗുണത്തെ വളർത്തുവാൻ ശ്രമിയ്ക്കുക; എന്തനുഭവിച്ചു കഴിഞ്ഞാലും ഈ അനുഭവംകൊണ്ടു തനിയ്ക്കു പാരത്രികമായ വല്ല ഗുണവും കിട്ടിയോ എന്നാലോചിക്കുക; നേരത്തേ എഴുന്നേല്ക്കുമ്പോഴും രാത്രി കിടക്കുമ്പോഴും തനിയ്ക്കു നേർവഴി കാട്ടിത്തരണമേ എന്നു ഈശ്വരനെ പ്രാർത്ഥിയ്ക്കുക—ഏവംവിധങ്ങളായ പ്രവൃത്തികളെക്കൊണ്ടു ദോഷപര്യവസായിയായ അഹങ്കാരത്തെ നശിപ്പിയ്ക്കുവാനും മനസ്സിനെ പരിശുദ്ധമാക്കാനും ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. പ്രത്യേകിച്ചു ഇന്നത്തെ വിദ്യാർത്ഥികൾ ഈ കാര്യത്തിൽ ജാഗരൂകന്മാരായിരിക്കണം.

ശ്രീമദ്ഭാഗവതത്തിലെ ഏകാദശസ്കന്ധത്തിൽ 29-ാം അ

ധ്യായം 8 മുതൽ 21 ശ്ലോകം വരെയുള്ള ഭാഗങ്ങൾ പഠിച്ചു് അതുപോലെ പ്രവൎത്തിയ്ക്കുവാൻ തുടങ്ങിയാൽ ചീത്തയായ അഹങ്കാരം താനേ പോകും. ഈശ്വരസേവ എന്നാൽ ഈശ്വരബുദ്ധ്യാ മനുഷ്യരെത്തന്നെ സേവിക്കുകയാണു് എന്നാണു ആ ഭാഗത്തിന്റെ മുഖ്യതാല്പൎയ്യം. കപടഭൂയിഷ്ഠമായ ഇന്നത്തെ ലോകത്തിൽ ഈശ്വരബുദ്ധ്യാ ഉള്ള മനുഷ്യസേവ ഏകത്വപ്രാപ്തിക്കുള്ള ഒരു മാൎഗ്ഗമാവാതെ ഇരിക്കുകയില്ല, ജഗന്നിയന്താവുതന്നെ നമ്മെ നന്നാക്കട്ടെ.

ചെറുകഥ.

# ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കൎഷതി

(നെല്ലുവായ്, കെ. എൻ. നമ്പീശൻ, തൃശ്ശൂർ)

I

മദ്ധ്യാഹ്നസമയം കഴിഞ്ഞു. കാന്താരമദ്ധ്യത്തിലുള്ള ഒരാശ്രമപ്രദേശം. സ്വച്ഛസലിലയായ ഒരു നദി ആ തപോവനത്തെ തഴുകികൊണ്ടു്, ഒഴുകിപ്പോകുന്നു. ശാന്തിയുടെ കന്ദളങ്ങൾപോലെ അങ്ങിങ്ങായി അനേകം പൎണ്ണശാലകൾ മരങ്ങൾക്കിടയിലായി കാണപ്പെടുന്നു. മാൻകൂട്ടങ്ങൾ കുളിൎത്ത മരത്തണലിൽ കിടന്നയവിറക്കികൊണ്ടു് മയങ്ങുകയാണു്. ഒരിടത്തു് താപസ്വികൾ പുരാണാദി കഥാശ്രവണത്തിൽ തല്പരകളായി സ്ഥിതിചെയ്യുന്നു. മറ്റൊരിടത്തു് താപസകുമാരന്മാർ ശാസ്ത്രാദികളുടെ അനുവാചനത്തിലും വിചിന്തനത്തിലും ജാഗരൂകരാണു്. വേറൊരിടത്തു്—അതാ:—പടൎന്നു പന്തലിച്ചുനില്ക്കുന്ന ആ മരത്തിന്റെ ശീതളച്ഛായയിൽ വയോവൃദ്ധരും, ജ്ഞാനവൃദ്ധരും, ആയ മഹൎഷിവരേണ്യന്മാരുടെ ഒരു സദസ്സ്. മുഖത്തു് ബ്രഹ്മതേജസ്സ് കളിയാടുന്ന ഒരു മാമുനി മരത്തറയിൽ ഇരുന്നു് ഏതോ ഗ്രന്ഥം ഉച്ചത്തിൽ വായിക്കുകയാണു്. മററുള്ള താപസന്മാരെല്ലാംതന്നെ അതിൽ ശ്രദ്ധ ചെലുത്തിയിരിക്കുന്നുണ്ടു് സദസ്യരുടെ മുഖത്തു് ഇടയ്ക്കിടയ്ക്കു് [സ്ഫുരിയ്ക്കുന്ന ആനന്ദത്തിന്റെ വേലിയേററവും, ചില ശ്ലോകങ്ങൾ വീണ്ടും വീണ്ടും വായിക്കുന്നതിനുള്ള പ്രേരണയും ആ താപസവൃദ്ധൻ വായിക്കുന്നതു് ഒരു മനോഹര കാവ്യമാണെന്നു വിളിച്ചു പറയുന്നു. ഓരോ ശ്ലോ

കത്തിലേയും പദപ്രയോഗത്തിന്നും ആശയാവിഷ്കരണത്തിന്നും ഔചിത്യവും സമീചീനതയും ഉണ്ടെന്നു നിരൂപണബുദ്ധിയുള്ള താപസന്മാർ സമ്മതിച്ചാൽ മാത്രമെ ആ വായനക്കാരൻ വേറൊരു ശ്ലോകം വായിക്കുവാൻ മുതിരുകയുള്ളു. ആ വായിക്കുന്ന താപസൻ ആരാണെന്നോ? സാക്ഷാൽ വ്യാസമഹർഷി; വായിക്കുന്ന ഗ്രന്ഥമോ? സാക്ഷാൽ മഹാഭാരതം. നിരൂപണബുദ്ധിയോടുകൂടി കേൾക്കുന്ന സദസ്യരോ? പണ്ഡിതന്മാരായ താപസന്മാർ.

വ്യാസമഹാമുനി മഹാഭാരതം എഴുതിക്കൊണ്ടിരിക്കുന്ന കാലമാണു്. അദ്ദേഹം അന്നന്നു് എഴുതിയ ശ്ലോകങ്ങൾ പണ്ഡിതന്മാരായ മുനികളെ കേൾപ്പിയ്ക്കും. അവർ അതു് സ്ഖാലിത്യരഹിതവും ഔചിത്യപുഷ്കലവും രസനിർഭരവുമാണെന്നു് സമ്മതിച്ചുകഴിഞ്ഞാൽ പിന്നെയും എഴുതും. പിന്നെയും വായിക്കും.

വ്യാസഭഗവാൻ വായിച്ചു. "ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കർഷതി."

ഒരു മഹർഷിശ്രേഷ്ഠൻ ആ ശ്ലോകം വീണ്ടും വായിക്കാൻ പറഞ്ഞു. വ്യാസൻ വീണ്ടും വായിച്ചു. ആ പണ്ഡിതനും ശാസ്ത്രജ്ഞനും, തത്വചിന്തകനും, ഛാത്രസത്വത്തിൽ വൻകുബേരത്വം വാച്ചവനുമായ മഹർഷി—മാർക്കാണ്ഡേയൻ പറഞ്ഞു.

ഫലവത്തായ ഇന്ദ്രിയഗ്രാമം വിദ്വാനെകൂടി ആകർഷിക്കുമെന്നു പറയുന്നതു് ശരിയല്ല. ഇതു് അനുഭവവിരുദ്ധമാണു്. യഥാർത്ഥജ്ഞാനി ഇന്ദ്രിയവശഗനല്ല. വിദ്വാനെ ആകർഷിക്കാമെന്നുമാത്രം അപി എന്ന പദം മാററണം. അതുകൊണ്ടു് വിദ്വാംസമഭികർഷതി" എന്നാക്കിയാൽ മതി.

വ്യാസൻ സമ്മതിച്ചില്ല. രണ്ടുപേരും തമ്മിൽ വളരെ നേരം വാദപ്രതിവാദം നടത്തി. മാർക്കണ്ഡേയൻ ഒട്ടുംതന്നെ വിട്ടുകൊടുത്തില്ല. ഒടുവിൽ വ്യാസൻ പറഞ്ഞു: "അങ്ങയെ ഇതു ഞാൻ അനുഭവപ്പെടുത്തിയേ ഇനി കവിത എഴുതി കേൾപ്പിക്കുകയുള്ളു.

അന്നത്തെ സദസ്സു പിരിഞ്ഞു. സമയം ഏതാണ്ടു അഞ്ചുമണിയായി സൂര്യൻ പടിഞ്ഞാറു ചാഞ്ഞു. താപസന്മാർ സ്നാനാദികർമ്മങ്ങൾക്കുവേണ്ടി നദിയിലേയ്ക്കു പോയി. സൂര്യന്റെ ചെങ്കതിരുകൾ വൃക്ഷങ്ങളുടെ ഇലച്ചാർത്തിൻപഴുതിലൂടേ ആശ്രമപ്രദേശത്തിൽ നിപതിച്ചു.

II

നേരം അർദ്ധരാത്രി. ലോകം കൂരിരുട്ടിന്റെ കരിമ്പടം പുതച്ചു.

മഴ ഭയങ്കരമായി പെയ്യുന്നു. കാനനമദ്ധ്യത്തിലെ ഒരു പർണ്ണശാലയിൽ ഒരു വൃദ്ധതാപസൻ തീകുണ്ഡത്തിന്നു മുമ്പിൽ തീ കാഞ്ഞുകൊണ്ടിരിയ്ക്കുകയാണ്. കൂരിരുളിന്റെ മദ്ധ്യത്തിൽ ആ തീകുണ്ഡം ഒരു മിന്നാമിനുങ്ങുപോലെ പ്രകാശിച്ചു.

ഏകാന്തമായ കാന്താരത്തിന്റെ അന്തരാളത്തിൽനിന്ന് ഒരു ആർത്തനാദം ആ താപസന്റെ ശ്രവണപുടത്തിൽ പതിച്ചു. അദ്ദേഹം അമ്പരന്നു. എന്താണ് ജനവിഹീനമായ കാട്ടിൽനിന്ന് ഒരു മനുഷ്യന്റെ ആർത്തസ്വരം കേൾക്കുവാൻ കാരണം? അദ്ദേഹം സമാധാനിച്ചു. എന്തെങ്കിലുമായി കൊള്ളട്ടെ. ലൌകികവിഷയങ്ങളിൽ അനാസക്തനായ താൻ എന്തിന്ന് ഇമ്മാതിരി കാര്യങ്ങളിൽ ഇടപെടുന്നു. അല്ല, ഒടുവിൽ അദ്ദേഹത്തിന്റെ മനുഷ്യത്വം തലയുയർത്തി. ആ താപസൻ ആ ദയനീയസ്വരം ആരുടെതാണെന്നും ആ വ്യക്തി ആപത്തിൽപെടുവാൻ കാരണമെന്താണെന്നും മനസ്സിലാക്കുവാനും, ആ ആളെ സഹായിക്കുവാനുംവേണ്ടി പർണ്ണശാല വിട്ടിറങ്ങി. ആ കാട്ടിൽ രാത്രിയുടെ ഏകാന്തതയിൽ കൂരിരുട്ടിൽ മഴയത്ത്, നനഞ്ഞൊലിച്ച്, ഒററക്കിരുന്നങ്ങനെ നിലവിളിയ്ക്കുകയാണ്, ഒരു സുന്ദരിയായ ലലനാമണി. ആ മുനിവരൻ ആശ്ചര്യപരതന്ത്രനായി; തെല്ലിട ചിന്താനിമഗ്നനായി നിന്നു. ദുഃഖിതയും ഏകാകിനിയുമായ ആ തരുണീമണിയെ സംരക്ഷിക്കണമെങ്കിൽ ആശ്രമത്തിലേയ്ക്കു കൊണ്ടുപോകണം. താനൊററയ്ക്കു നിവസിയ്ക്കുന്ന ഒരു പർണ്ണശാലയിൽ സുന്ദരിയും, യുവതിയുമായ ഒരു സ്ത്രീയെ രാത്രി താമസിപ്പിക്കുകയോ? ഇല്ലാ, സാരമില്ല; താൻ വിരക്തനും ജിതേന്ദ്രിയനും വൃദ്ധനും ആയ ഒരു തപോനിധിയാണ്. അപവാദത്തിന്നും തെററിദ്ധാരണയ്ക്കും അവകാശം ഉണ്ടാവുകയില്ല ദീനത്രാണപരായണത്വം മനുഷ്യന്റെ കർത്തവ്യം മാത്രം. മുനിവരൻ ആ സ്ത്രീയോടു പറഞ്ഞു: "വത്സേ! വരൂ. നമുക്കു പർണ്ണശാലയിലേക്കു പോകാം". കൈകൂപ്പിനിന്നു ആ ഭക്തിവിനമ്ര അദ്ദേഹത്തെ പിൻതുടർന്നു

ആ രമണീമണി പർണ്ണശാലയുടെ അകത്ത് വിശ്രമിക്കുകയാണ്. താപസവരൻ ഉമ്മറത്ത് തീകുണ്ഡത്തിന്റെ മുമ്പിലിരുന്ന് തീ കായുന്നു. ഇതേവരെയായി അദ്ദേഹം ആ സ്ത്രീയോട് ഒരു വിവരവും ചോദിച്ചറിയുകയുണ്ടായില്ല. ഇപ്പോൾ അദ്ദേഹത്തിന്ന് അതൊരു മര്യാദകേടായി തോന്നി. സംസാരിക്കുന്നതുകൊണ്ട് എന്തു കുഴപ്പമാണുള്ളത്. പോരാത്തതിന്നു അവൾ ഒരു സാധാരണ

സ്ത്രീ അല്ലെന്നു കാഴ്ചയിൽ ആക്കും തോന്നും. സൌന്ദര്യത്തിൻെറ പൂപ്പുഞ്ചിരിയാണ്. ഊഴിയിലേക്കു ഇറങ്ങിവന്ന അപ്സരസ്ത്രീയാണെന്നു് തോന്നും. അല്ലെങ്കിൽ ഒരു വനദേവതയാണ്. ആഭരണവിഭൂഷിതയും മനോഹര വസ്ത്രധാരിണിയുമാണ്. അതേ. അവരം ഒരു രാജകുമാരിയായിരിക്കണം. അദ്ദേഹം അവളോട് വിവരമെല്ലാം പുറത്തിരുന്നുതന്നെ ചോദിച്ചറിഞ്ഞു.

പിന്നേയും സമയം കുറേക്കഴിഞ്ഞു. അദ്ദേഹത്തിൻെറ മനോമുകുരത്തിൽ ആ ദിവ്യ സ്ത്രീയുടെ മനോജ്ഞരൂപം നിഴലിച്ചു. പെട്ടെന്നദ്ദേഹത്തിൻെറ ധാർമ്മികബോധം അതിനെ മാച്ചുകളഞ്ഞു. ഇതേ വ്യാപാരംതന്നെ വീണ്ടും വീണ്ടും തുടൎന്നുകൊണ്ടേയിരുന്നു. ഒടുവിൽ ആ തരുണിയെ പററിയുള്ള ചിന്ത ഹൃദയത്തിൽനിന്നു പോകുവാൻവേണ്ടി അദ്ദേഹം നാമജപത്തിൽ ഏൎപ്പെട്ടു. എന്നിട്ടും ആ രൂപം താപസൻെറ ഹൃദയം വിട്ടുപോകുന്നില്ല.

താപസൻ പുറത്തുനിന്നുതന്നെ അവളെ വിളിച്ചു. അകത്തുനിന്നു് ഒരനക്കവും ഇല്ല. ഒരു ശബ്ദവുമില്ല. അവരം ഉറങ്ങുകയായിരിക്കുമോ? അതോ മഴകൊണ്ടും, നനഞ്ഞതുകൊണ്ടും ഭയപ്പെട്ടതുകൊണ്ടും വല്ല മോഹാലസ്യവും പററിയിരിക്കുമോ? ഒന്നുകൂടി വിളിച്ചുനോക്കി. ഇല്ല, ഒരു മറുപടിയുമില്ല. എങ്ങും നിശബ്ദത ഒരു മഹൎഷി എന്ന നിലയിൽ താൻ ഒരു സ്ത്രീയെ ചിന്തിയ്ക്കുന്നതും അവളെ കാണുന്നതും അവളുമായി സംസാരിയ്ക്കുന്നതും തെററാണെന്നു് അദ്ദേഹത്തിന്നു തോന്നി. അദ്ദേഹം വീണ്ടും തീകാഞ്ഞുകൊണ്ടേയിരുന്നു.

ആ സുന്ദരിയുടെ പേലവാംഗം അദ്ദേഹത്തിൻെറ സ്മൃതിപഥത്തിൽ തെളിഞ്ഞു. ആ സ്ത്രീയ്ക്കു് വല്ല അപകടവും—മോഹാലസ്യവും പററിയാലോ? അതുകൊണ്ടു ഒന്നു വിളിച്ചു നോക്കുകതന്നെ. ജിതേന്ദ്രിയനും തപചിന്തകനും, തപോനിധിയുമായ താൻ ഒരു സ്ത്രീയുമായി സംസാരിച്ചാൽ ലൌകികജീവിതത്തിൻെറ ചളിക്കുണ്ടിൽ വീണു പോകുമെന്നോ? ഒരിക്കലുമില്ല. അകത്തുചെന്നു നോക്കുകതന്നെ.

താപസൻ വാതില്ക്കൽ ചെന്നു് എത്തിനോക്കി. ഒരു മരവിരിയിൽ ആ സുന്ദരി മലൎന്നു് കിടക്കുകയാണ്. കണ്ണടച്ചിട്ടുണ്ടു് ഉറങ്ങുകയാണെന്നു് തോന്നും. ആ മുഖം പൂൎണ്ണചന്ദ്രനെപ്പോലെ മനോഹരമാണ്. നനഞ്ഞ പട്ടുവസ്ത്രം തോരാനിട്ടിട്ടു് ഒരു മരവിരി ധരിച്ചിരിക്കുകയാണ്. ഉയൎന്ന കുചകുംഭങ്ങൾക്കുമീതെ മരവിരി കി

ടക്കുന്നു. ധവളവും മസൃണവും പീവരവും ആയ കുചപാൎശ്വം ദൃശ്യമാനമായി. മരവുരി നീങ്ങിയതിനാൽ മനോമോഹനമായ ഊരുപ്രദേശം താപസൻെറ അക്ഷികൾക്ക് ലക്ഷ്യമായിത്തീൎന്നു. അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഒരു മൃദുലവികാരം ഉണ്ടായി. മനസ്സിന്നൊരു ഇക്കിളി. ശരീരത്തിന്നൊരു വല്ലായ്മ. അദ്ദേഹം വീണ്ടും ഉമ്മറത്തുവന്നിരുന്നു.

ഛീ! സ്ത്രീ. ഞാനതിനെപ്പററി വിചാരിക്കുന്നില്ല. അദ്ദേഹം നാമജപത്തിൽ തല്പരനായി. പിന്നേയും ആ ഹൃദയത്തിൽ അവളുടെ മോഹനരൂപം തിളങ്ങി. അദ്ദേഹം എഴുന്നേററ് വാതില്ക്കൽ ചെന്നു. വല്ലവരും കണ്ടാലോ? മോശം. ഈ അൎദ്ധരാത്രി ഇവിടെ ആരു് വരാനാണ്. എങ്കിലും അവൾക്ക് തന്നെപ്പററി ചീത്തഭിപ്രായം തോന്നിയാലോ? വേണ്ടാ. അദ്ദേഹം വീണ്ടും ഉമ്മറത്ത് തീക്കട്ടത്ത് ചെന്നിരുന്നു.

ആ താപസൻെറ ഹൃദയം ചഞ്ചലമായി. അദ്ദേഹം വീണ്ടും എഴുന്നേററ് വാതില്ക്കൽ ചെന്ന് എത്തിനോക്കി ആ മധുരരൂപം അങ്ങിനെ നിശ്ചലമായി മലൎന്നുകിടക്കുകയാണ്. അദ്ദേഹം ഭ്രാന്തനെപ്പോലെ അവളുടെ അടുത്തേക്ക് ആഞ്ഞുചെന്നു. അവളെ കുലുക്കി വിളിച്ചു. അദ്ദേഹത്തിൻെറ വൃദ്ധവും ജീൎണ്ണവുമായ ശരീരത്തിൽ ഒരു മിന്നൽ പാഞ്ഞു. അവൾ സംഭ്രമിച്ച് എഴുന്നേററുനിന്നു. ആ സുന്ദരി കുചങ്ങളിൽനിന്ന് അഴിഞ്ഞ വൽക്കലവുമായി മാറത്തമൎത്തിയ കൂപ്പുകൈയുമായി ഭയഭക്തിബഹുമാന സമന്വിതയായി അങ്ങിനെ സ്ഥിതിചെയ്തു.

ജിതേന്ദ്രിയനും, ബ്രഹ്മചാരിയും തത്വചിന്തകനും തപോനിധിയും, വൃദ്ധനുമായ ആ മുനിവൎൻ തപോവന വിരോധിയായ വികാരത്തിനധീനയായി, ആ സുന്ദരിയെ ആഞ്ഞുപുണൎന്ന് ബ്രഹ്മാനന്ദ സഹോദരമായ ആനന്ദധാരയിൽ മുഴുകി, നിമീലിതാക്ഷനായി അങ്ങിനെ നിന്നുപോയി.

ആ താപസൻ കൺമിഴിച്ച് പരിഭ്രമിച്ച് കയ്യെടുത്ത് പിന്നോട്ട് മാറിനിന്നു. കാരണം മാറിയിരിക്കുന്നു; മുമ്പിൽ നില്ക്കുന്ന ശ്മശ്രുജടാധാരിയും ആജാനബാഹുവും അരോഗദൃഢഗാത്രനും വൃദ്ധനും ആയ ഒരു മഹാതാപസനെക്കണ്ടിട്ട് അമ്പരന്നു- ലജ്ജിതനായി, അദ്ദേഹത്തിൻെറ തൃച്ചേവടികളിൽ യാദൃച്ഛികമായി പ്രത്യക്ഷപ്പെട്ട ആ താപസവരേണ്യൻ പുഞ്ചിരിയുടെ വെൺമയാൽ നരച്ചതാടിയുടെ പ്രഭാവലയത്തെ ദ്വിഗുണീഭവിച്ചുകൊണ്ടു് പശ്ചാത്താ

പദശുദ്ധനായി നമസ്കരിച്ച താപസനെ അനുഗ്രഹിച്ചു. അതാരാണെന്നോ? സാക്ഷാൽ വ്യാസഭഗവാൻ. നമസ്കരിച്ചു കിടക്കുന്ന താപസനോ? ശ്രീ മാർക്കാണ്ഡേയൻ. അദ്ദേഹത്തിന്റെ ഹൃദയം മന്ത്രിച്ചു. ശരിയാണു്.

"ബലവാനിന്ദ്രിയ ഗ്രാമോ
വിദ്വാംസമപി കർഷതി"

---

വിദ്യാർത്ഥിപംക്തി

# സംഗീത രാമായണം.

(തുടർച്ച്)

## സീതാകല്യാണം.

### സീൻ 10.

(രാമലക്ഷ്മണന്മാരും വിശ്വാമിത്രനും പ്രവേശിക്കുന്നു.)

വിശ്വാമിത്രൻ:—സിന്ധുഭൈരവി—ആദിതാളം

(ഗാന്ധിയോ പരമയോഗസന്യാസി—എന്ന മട്ട്)

ബാലകന്മാരെ പോകമിഥിലാപുരിക്കു നാം
കാലവുംവ്യഥാകളഞ്ഞിടുകയരുതല്ലോ.
യാഗവും മഹാദേവചാപവും കണ്ടുപിന്നെ
വേഗമോടയോദ്ധ്യയുംപുക്കു താതനെ കാണാം.

(ചുററിനടന്നു തെരികിൽക്കൂടി എല്ലാവരും പോകുന്നു)

### സീൻ 11.

ജനകരാജധാനി (ജനകൻ)-മന്ത്രി-ശതാനന്ദൻ-വിശ്വാമിത്രൻ-മുതലായവർ ഇരിക്കുന്നു. വിശ്വാമിത്രന്റെ അരികിലായി രാമലക്ഷ്മണന്മാർ വിനയാന്വിതരായി നില്ക്കുന്നു)

ജനകൻ:—മഹർഷെ! അവിടുത്തെ ദിവ്യപാദപാംസുക്കൾകൊണ്ടു മിഥിലയെ പരിപൂതമാക്കിത്തീർത്തു. ഞാൻ അവിടുത്തെ നമസ്കരിക്കുന്നു.

(കുമാരന്മാരെ ചൂണ്ടിക്കാണിച്ചു്)

അഠാനരാഗം-വിരുത്തം-ശ്ലോകം.

കന്ദർപ്പൻകണ്ടു വന്ദിച്ചീടിന ജഗദേക
സുന്ദരന്മാരാമിവരാരെന്നു കേൾപ്പിക്കണം

നരനാരായണന്മാരാകിയമൂത്തികളോ
നരവീരാകാരം കൈക്കൊണ്ടു കാണായതിപ്പോൾ

വിശ്വാ:—മഹാരാജാവേ! കേട്ടാലും,

ശങ്കരാഭരണം–ആദിതാളം

(ആരോ പൂർണ്ണേന്ദുമുഖിയെ——എന്ന മട്ട്)

പല്ലവി

വീരനാം ദശരഥൻതന്നുടെ പുത്രന്മാരിൽ
ശ്രീരാമൻ ജ്യേഷ്ഠനിവൻ ലക്ഷ്മണൻമൂന്നാമവൻ

അനുപല്ലവി

എന്നുടെയാഗം രക്ഷിച്ചീടുവാനിവരെ ഞാൻ
ചെന്നുകൂട്ടിക്കൊണ്ടു പോന്നീടിനേനിതുകാലം

ചരണം

കാടകംപുക്കനേരം വന്നോരു നിശാചരി
താടകതന്നെയൊരു ബാണംകൊണ്ടെയ്തു കൊന്നാൻ
പേടിയുംതീൎന്നു സിദ്ധാശ്രമവും പുക്കുയാഗം
ആടൽകൂടാതെ രക്ഷിച്ചീടിനേൻ വഴിപോലെ
ശ്രീപാദാംബുജരജഃ സ്പൃഷ്ടികൊണ്ടഹല്യാതൻ
പാപവും നശിപ്പിച്ചു പാവനയാക്കീടിനാൻ
പാരമേശ്വരമായ ചാപത്തെക്കാണ്മാനുള്ളിൽ
പാരമാഗ്രഹമുണ്ടു നീയതു കാട്ടീടേണം

വിശ്വാമി:—ഉണ്ണികളെ! മഹാരാജാവിനെ വന്ദിച്ചാലും!

(രാമലക്ഷ്മണന്മാർ ജനകനേയും ശതാനന്ദനേയും മന്ത്രിയേയും മററും തൊഴുതു വന്ദിക്കുന്നു. ജനകൻ കുട്ടികളെ വാരിയണച്ചാശ്ലേഷിക്കുന്നു)

(ജനകൻ മന്ത്രിയെ നോക്കി) വേഗം ചെന്ന് വില്ലെടുപ്പിച്ച് ഈ സദസ്സിലേക്കു കൊണ്ടുവന്നാലും. (മന്ത്രി പോകുന്നു)

ജനകൻ (വിശ്വാമിത്രനോടു) ആരറിഞ്ഞു. എന്റെ ശപഥം നിറവേറുമോ?

വിരുത്തം–മോഹനം

രാജനന്ദനനായ ബാലകൻ രഘുവരൻ
രാജീവവിലോചനൻ സുന്ദരൻ ദാശരഥി
വില്ലിതുകുലച്ചുടൻ വലിച്ചു മുറിച്ചീടിൽ
വല്ലഭനിവൻമമ നന്ദനക്കെന്നു നൂനം

വിശ്വാമി:—എല്ലാം ഈശ്വരമതം.

(മണിനാദത്തോടും ഹുങ്കാരശബ്ദത്തോടും കൂടി അനവധി ആ

ളുകൾ ചുമന്നു് ത്ര്യംബകത്തെ കൊണ്ടുവന്നു സദസ്സിൽ വെക്കുന്നു.

(വില്ലു കണ്ട ഉടനെ ശ്രീരാമൻ സന്തോഷിച്ചു്)

രാമൻ:— (വിശ്വാമിത്രനോടു) മോഹനം — ആദി

വില്ലെടുക്കാമൊ കുലച്ചിടാമൊ വലിക്കാമോ
ചൊല്ലീടവേണം ഭവാനെന്നോടു മടിയാതെ

വിശ്വാമി:— എല്ലാമാകുന്നതു ചെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നുകൂടീടുമല്ലൊ.

(രാമൻ അടുത്തുചെന്നു വില്ലിനെ വന്ദിച്ചു് എടുത്തു പൊക്കി കുലച്ചു വലിച്ചു വില്ലു് രണ്ടു കഷണമായി മുറിഞ്ഞുവീണു. ഗംഭീരശബ്ദം)

(ജനകൻ ധൃതിയിൽ ശതാനന്ദനെയും മന്ത്രിയെയും നോക്കി) ഉടനെചെന്നു വേണ്ടതു ചെയ്താലും. (ശതാനന്ദനും മന്ത്രിയും പോകുന്നു.)

ജനകൻ (രാമനെ ചെന്നാലിംഗനം ചെയ്യുന്നു) (വിശ്വാമിത്രനോടു്) അങ്ങയുടെ പ്രയത്നഫലമായി എന്റെ ഭാഗ്യം മൂർത്തിമത്തായി ഇതാ വിളങ്ങുന്നു.

വിശ്വാ:— അല്ലാ ജാനകിയുടെ ഭാഗ്യം!

(രാമൻ ലജ്ജിച്ചു് തലതാഴ്ത്തുന്നു)

ജനകൻ:— നമുക്കു അന്തഃപുരത്തിലേക്കു പോകാം. സ്ത്രീജനങ്ങൾ അക്ഷമരായി കാത്തിരിക്കും. (എല്ലാവരും പോകുന്നു.)

(അണിയറയിൽ) മണിനാദം

വിരുത്തം — ആനന്ദഭൈരവി

ഇടിവെട്ടീടുംവണ്ണം വിൽ മുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപോലെ
മൈഥിലിമയിൽപേടപോലെ സന്തോഷംപൂണ്ടാൾ
കൌതുകമുണ്ടായ്വന്നു ചേതസികൌശികനും
സ്വർണ്ണവർണ്ണത്തെപൂണ്ട മൈഥിലിമനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദമന്ദ-
മംഭോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പല മാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ

(കർട്ടൻ പൊങ്ങുന്നു)

രാമനും സീതയും വരണമാല്യങ്ങളും ധരിച്ചിരിക്കുന്നു. ജനകൻ വിശ്വാമിത്രൻ മുതലായവർ ഇരുപുറവും ഇരിക്കുന്നു.

(അണിയറയിൽ)

മാലയും ധരിച്ചു നീലോല്പലകാന്തിതേടും
ബാലകൻ ശ്രീരാമനുമേററവും വിളങ്ങിനാൻ.

(സുന്ദരിമാർ വന്നു കുമ്മിഅടിച്ചു കളിക്കുന്നു.)

1

കുമ്മി നാം പാടിയടിച്ചിടുക
കണ്മണിമാരെ നിരന്നിടുവിൻ
കൊങ്കകലുക്കി-നമ്മളിപ്പോൾ
ശങ്കകൾനീക്കി-വിരവോടു
മാങ്കണ്ണിമാരെ-തുടങ്ങുക
തങ്കത്തിനൊടങ്കമിട്ടു മങ്കയവൾ നാമമതാ-
തങ്കംവെടിഞ്ഞു പുകഴ്ത്തിടേണം-നമ്മൾ
രാമചന്ദ്രനേയും വാഴ്ത്തിടേണം.

2

പത്മനാഭപ്രഭോ പാഹിപാഹി
പത്മവിലോചനപാഹിപാഹി
പത്മാക്ഷിയാകും-ജാനകിയൊ
ത്തുലല്പനേത്രൻ-രാമചന്ദ്രൻ
അത്തൽവെടിഞ്ഞു-ചിരകാലം
തത്തക്കിടതിത്തക്കിട ഇത്തത്തോമിത്തതെയ്ത
യൊത്തുപുളച്ചുകളിച്ചീടേണം-അതി-
ന്നാത്തകത്രാണൻ കടാക്ഷിക്കേണം.

(എല്ലാവരും നിരന്നുനിന്നു്)

രഘുപതി രാഘവ രാജറാം പതീത പാവനസീതാറാം
സീതാറാം ജയ സീതാറാം ഭജതോ പ്യാരെ സീതാറാം
ജാനകീകാന്ത സ്മരണം
ജയ ജയ സീതാറാം

ശുഭം

——o—·—

# കടംകഥകൾ

കുട്ടീമ്മാൻ

1. ആളൊരു കള്ളൻ വിളിയൊരു കാതം.
2. ഇട്ടാലെടുക്കില്ല പത്തായപ്പൂട്ട്.
3. കുത്തുന്ന കാളക്കു പിന്നിൽ കയറ്.
4. വെള്ളക്കുപ്പിയിൽ ഞാറപ്പഴം.
5. ആനയെ കെട്ടാൻ മരമുണ്ട്; ജീരകം പൊതിയാനിലയില്ല.
6. കൊമ്പൻകാളയിഴഞ്ഞു വരുന്നു പിടിക്കാൻ ചെന്നാൽ കൊമ്പില്ല.
7. തടിക്കൊരു വെട്ട്; ഇടക്കൊരു കെട്ട്, തലക്കൊരു ചവിട്ട്.
8. കുപ്പായമഴിച്ചു കിണററിൽ ചാടി.
9. ഒരാൾ വീണാൽ ആയിരം വട്ട.
10. നിന്നവൻെറ വയററിൽ വന്നവൻ കേറി.
11. കടയ്ക്കൽ ചെന്നാൽ പെറുക്കിത്തിന്നാം.
12. എവിടെവിടെ നോക്കിയാലും കാലില്ലാ പന്തൽ.
13 രണ്ടമ്മക്കൊരു പല്ല്.
14. ഇങ്ങുകുത്തിയ എഴുത്താണി അങ്ങുചെന്നു പടി തുറന്നു.
15. ആനകളും പാപ്പാനും നിലക്കാത്ത വെള്ളത്തിൽ മതി കൊണ്ട രാജാവു കുതികൊണ്ടോടി.
16. ഇട്ടാൽ പൊട്ടില്ല ഇംഗ്ലീഷു മുട്ട.

## ഉത്തരം

1 കതിര. 2 നിലത്തിട്ട കോലം. 3 സൂചി, 4 കണ്ണ്. 5 പുളിമരം. 6 വിഷനീര് എന്ന ജന്തു. 7 കൊയ്ത്തുമെതിക്കുക. 8 പഴം തൊലിച്ചു തിന്നുക. 9 ചക്കയിടുക. 10 സാക്ഷ. 11 ഉരല്. 12 ആകാശം. 13. കഴുത്. 14 നീർക്കോലി. 15 തവള. 16 കടുക്.